## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2334 08.05.2017 ൽ മറുപടിയ്ക്ക്**

**<u>എൽ.എസ്.എസ്,യുഎസ്.എസ് സ്കോളർഷിപ്പ് തുക</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ജോർജ്. എം. തോമസ്** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | എൽ.എസ്.എസ്, യു.എസ്.എസ് എന്നിവയുടെ സ്കോളർഷിപ്പ് തുക നാമമാത്രമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | നിലവിൽ എൽ.എസ്.എസ് സ്കോളർഷിപ്പ് തുക 200/- രൂപ വീതം 3 വർഷത്തേക്കും യു.എസ്.എസ് സ്കോളർഷിപ്പ് തുക 300/- രൂപ വീതം 3 വർഷത്തേക്കും ആയിട്ടാണ് നൽകി വരുന്നത്.എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളുടെ നടത്തിപ്പ്, തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് എ,സ്.സി.ഇ.ആർ.ടി യിൽ വച്ച് ചേർന്ന വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എൽ.എസ്.എസ്/ യു.എസ്.എസ് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കണമെന്ന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എൽ.എസ്.എസ്,യുഎസ്.എസ് സ്കോളർഷിപ്പ് പരീക്ഷാഫലം നേരത്തെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | എൽ.എസ്.എസ്,യുഎസ്.എസ് സ്കോളർഷിപ്പ് പരീക്ഷാനടത്തിപ്പും ഫല പ്രസിദ്ധീകരണവും പരിഷ്കരിക്കാൻ എ,സ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു. |

Hadeena
സെക്ഷൻ ഓഫീസർ